LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയുടെ കീഴിൽ ഉണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ എസ്.എൽ. എസ്. എസ്. സി.-യിൽ 50 സബ് ഡിവിഷണൽ ലാബുകൾ ആരംഭിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 19 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ബാക്കി 34 എണ്ണം തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയിൽ 200 പേർക്ക് ഒരു കടിവെള്ള സാമ്പിൾ എന്ന് എൻ.ആർ.ഡി.ഡബ്ല്യു.പി. നിഷ്കർഷിക്കുന്ന കണക്കു പ്രകാരമാണ് ഈ പുതിയ ലാബുകൾ ആരംഭിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാമിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ജില്ലാതല ലാബുകളിലും സബ് ഡിവിഷണൽ ലാബുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകളിലും ടൃബ് വെല്ലുകളിലും നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് ആവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം പ്രസിദ്ധീകരിക്കാറുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രമാക്കി പുതിയ 3 മൊബൈൽ ലാബുകൾ, തുടങ്ങാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

കൊട്ടാരക്കര ശുദ്ധജല വിതരണ പദ്ധതികൾ

179 (4982) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണ് ;

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പുവടെ ചേർക്കുന്ന 6 ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി:

1 എം.എൽ.എ-എ.ഡി.എഫ്- കാടാംകുളംകുടിവെള്ള പദ്ധതി

2 കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്-ഡിപ്പോസിറ്റ് പ്രവർത്തി-ആലുംപാറ കുടിവെള്ള പദ്ധതി

3 നബാർഡ്-കരിപ്ര പഞ്ചായത്തിലെ കരിപ്ര കുടിവെള്ള പദ്ധതി

4 എ.ആർ.ഡബ്ല്യു.എസ്.പി.-കുളക്കട- പവിത്രേശ്വരം കുടിവെള്ള വിതരണ പദ്ധതി

5 ജില്ലാ പഞ്ചായത്ത് -ഡിപ്പോസിറ്റ് പ്രവൃത്തി-ഇതിയൂർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി

6 കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം

ഇവ കൂടാതെ മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത 6 പദ്ധതികളും പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വിവിധ ഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിലവിൽ 16 പ്രവൃത്തികൾ നടന്നുവരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇവകൂടാതെ മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വിവിധ ഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കൂടാതെ കുളക്കട-പവിത്രേശ്വരം പദ്ധതിയുടെ 2-ാം ഘട്ടമായി വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള സർവ്വേ ജോലികളുടെ ടെണ്ടർ നടപടികളും നടന്നുവരുന്നു.

ചെങ്കള്ളൂർ സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കാൻ നടപടി

180 (4983) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ ചെങ്കള്ളൂരിൽ സ്ഥിതി ചെയ്യുന്ന സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമല്ലാത്തതു കാരണം കക്കൂസ് മാലിന്യം നിരത്തിലൂടെ ഒഴുകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly